**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 807 — 30.10.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി -പട്ടികവർഗ്ഗ വ്യവസായസംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി -പട്ടികവർഗ്ഗ വ്യവസായസംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | പട്ടികജാതി വ്യവസായ സംരംഭകർക്ക് സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്<br>പട്ടികവർഗ്ഗ വികസന വകുപ്പ് വ്യവസായ സംരംഭകർക്കായി സ്റ്റാർട്ടപ്പ് ഡ്രീംസ് എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്കായി സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി എന്ന പേരിൽ ഒരു പുതിയ വായ്പാ പദ്ധതി കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷനിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗ വ്യവസായ സംരംഭകർക്ക് വായ്പ നൽകിയിട്ടുണ്ട്; | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തിക വർഷം മുതൽ 5 വർഷത്തേയ്ക്ക് പ്രതിവർഷം 4 സ്റ്റാർട്ടപ്പുകൾക്ക് 10 ലക്ഷം രൂപ വീതം 40 ലക്ഷം രൂപ എന്ന പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൻപ്രകാരം 4 സ്റ്റാർട്ടപ്പുകൾക്ക് പലിശ രഹിത സീഡ് ലോൺ നൽകുന്നതിനായി 40 ലക്ഷം രൂപ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.<br>കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാൾക്ക് വായ്പ നൽകിയിട്ടുണ്ട്. |
| (സി) | ഈ വായ്പയ്ക്കുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (സി) | പട്ടികജാതി വികസന വകുപ്പ് സ്റ്റാർട്ടപ്പ് മിഷനുമായി യോജിച്ച് തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് ഡ്രീംസിൽ എൻറോൾ ചെയ്തു പ്രവർത്തിച്ചു വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ മികച്ച സ്റ്റാർട്ടപ്പുകൾക്ക് ആണ് ഈ വായ്പ അനുവദിക്കുന്നത്.<br>പട്ടികജാതി പട്ടികവർഗവികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് അപേക്ഷകരുടെ |

| | | | |
|---|---|---|---|
| | | | യോഗ്യത-മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) പട്ടിക ജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ആയിരിക്കണം.<br>2) പ്രായപരിധി 18-55 വയസിനിടയിൽ ആയിരിക്കണം<br>3) കുടുംബ വാർഷിക വരുമാന പരിധി 25 ലക്ഷം രൂപ. എന്നാൽ 10 ലക്ഷം രൂപ വരെ കുടുംബ വാർഷികവരുമാനമുള്ള അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണ്.<br>4) അപേക്ഷകന് തന്റെ ബിസിനസ്സ് ആശയം യാഥാർത്ഥ്യമാക്കുന്നതിനും, അത് വിജയകരമായി നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണം. ഏതെങ്കിലും സംരംഭകത്വ വികസന പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് മുൻഗണന. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സ്വന്തം ബിസിനസ്സ് ആശയങ്ങൾ പ്രാവർത്തിക മാക്കുന്നതിനായി പ്രത്യേക പരിഗണന. |
| (ഡി) | ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നാണ് ഇതിനുള്ള വായ്പ ലഭിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പ് മുഖേന നടത്തുന്ന ടി പദ്ധതിയ്ക്ക് സർക്കാർ നേരിട്ട് തുക ഗ്രാന്റായി സ്ഥാപനത്തിനു അനുവദിച്ച് നൽകുകയാണ് ചെയ്യുന്നത്.<br>പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പ നൽകുന്നുണ്ട്. കോർപ്പറേഷൻ നിഷ്കർഷിക്കുന്ന ജാമ്യ വ്യവസ്ഥകൾ പാലിക്കുന്നവർക്കു മാത്രമാണ് വായ്പ നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**